ഭരണ ഭാഷ- മാതൃഭാഷ

സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം,
കിഫ്ബി, OS-62, ജി.സി.ഡി.എ. ഷോപ്പിംഗ്
കോംപ്ലക്സ്, എറണാകുളം, മറൈൻ ഡ്രൈവ്,
Pin-682031, തീയതി, 13/08/2021.
E-mail-spl.tahr.kiifb.ekm@kerala.gov.in

D-124/2021

അറ്റലാൻറിസ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് വേണ്ടി കണയന്നൂർ താലൂക്കിൽ എറണാകുളം എളംകുളം വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയുടെ പൊന്നുംവില നടപടികളുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ കേരള വോളൻററി ഹെൽത്ത് സർവീസ് കോട്ടയം തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ടിൽ മേൽ വിദഗ്ധ സമിതി യോഗം ചേർന്ന് സമിതി ചെയർമാൻെറ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.

അറ്റലാൻറിസ് റെയിൽവേ ഓവർ ബ്രിഡ്ജ് രണ്ടാംഘട്ടമായി എറണാകുളം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകൾ ഉൾപ്പെട്ട 43.54 ആർസ് എളംകുളം വില്ലേജിൽ 6.95 ആർസ് ഭൂമിയും ഉൾപ്പെടെ 50.49 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 09/11/2018 Go(Rt) No. 1324/2014 പൊതുമരാമത്ത് ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതും അർത്ഥനാധികാരി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെൻറ് കോർപറേഷൻ 15/12/2019 ൽ അർത്ഥന സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്നു 04/12/2019 ന് ജില്ലാ കളക്ടർ കൊച്ചി കോർപ്പറേഷൻ പൊന്നും വില സ്പെഷ്യൽ തഹസിൽദാരെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിക്കുകയും 17/02/2021 ൽ സാമൂഹ്യ ആഘാത പഠനത്തിന് കേരള വോളണ്ടറി ഹെൽത്ത് സർവീസസ് കോട്ടയം എന്ന സ്ഥാപനത്തെ നിയോഗിച്ച് ഗസറ്റ് വിജ്ഞാപനം നൽകുകയും ചെയ്തിട്ടുള്ളതാണ്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി പ്രത്യേക ഓഫീസ് പ്രവർത്തനം ആരംഭിച്ചതോടെ കിഫ്ബി സ്പെഷ്യൽ തഹസിൽദാരെ ലാൻഡ് അക്വിസിഷൻ ഓഫീസറായി ജില്ലാ കളക്ടർ 11/01/2021 ൽ സി 5- 10739/18 നമ്പർ നടപടിക്രമപ്രകാരം നിയമിച്ച് ഉത്തരവ് ആയിട്ടുള്ളതാണ്.

ഈ പദ്ധതിയുടെ സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വോളണ്ടറി ഹെൽത്ത് സർവീസസ് കോട്ടയം എന്ന സ്ഥാപനത്തെ നിയോഗിച്ച് 17/02/2021 ലെ 786-ാം നമ്പർ ഗസറ്റ് പ്രകാരം ഉത്തരവ് ആകുകയും ഈ സ്ഥാപനം പഠനം നടത്തി 19/07/2021 ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് ജില്ലാ

കളക്ടറേറ്റിലും, കൊച്ചി കോർപ്പറേഷൻ, റവന്യൂ ഡിവിഷണൽ ഓഫീസ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. എൽ എ ആർ ആർ ആക്ട് 2013 സെക്ഷൻ 7 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ജില്ലാ കളക്ടർ 03/08/2021 ന് വിദഗ്ധ സമിതി രൂപീകരിച്ച് ഉത്തരവാകുകയും ഈ വിദഗ്ധ സമിതി ചെയർമാൻെറ അധ്യക്ഷതയിൽ 12/8/2021 യോഗം ചേർന്ന് റിപ്പോർട്ട് വിശദമായി വിലയിരുത്തുകയും ഈ പദ്ധതി പ്രാദേശികമായി മാത്രമല്ല കൊച്ചി നഗരത്തിന് ഒന്നാകെയുള്ള വികസനത്തിന് കാരണമാകുമെന്നും കണ്ടെത്തി. പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അംഗീകരിക്കുകയുണ്ടായി. പദ്ധതി പ്രദേശത്ത് വീടുവെച്ച് താമസിച്ചുവരുന്ന ഭൂവുടമകൾ അല്ലാത്ത താമസക്കാരെ പുനരധിവസിപ്പിക്കുന്നതിന് കോർപ്പറേഷൻ മുൻകൈയെടുക്കണമെന്നും ലൈഫ് പദ്ധതിയിൽ മുൻഗണനാക്രമത്തിൽ ഇവരെ പരിഗണിക്കണമെന്നും യോഗം നിർദ്ദേശിച്ചു. ഭൂമി നഷ്ടപ്പെടുന്നവർക്ക് മികച്ച നഷ്ടപരിഹാരം ലഭ്യമാക്കണം എന്ന് ഡിവിഷൻ കൗൺസിലർ ശ്രീമതി. ലതിക നിർദ്ദേശിച്ചു. എൽ എ ആർ ആർ ആക്ട് പ്രകാരം മികച്ച നഷ്ടപരിഹാരം ലഭിക്കുമെന്ന് ഡെപ്യൂട്ടി കളക്ടർ അറിയിച്ചു. ഈ പദ്ധതിയിൽ ആവശ്യമായ ഭൂമിയുടെ ഭൂരിഭാഗവും ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ളതിനാലും നിലവിലുള്ള അലൈൻമെൻറ് പ്രകാരം വളരെ കുറച്ചുപേർ മാത്രമേ പുനരധിവസിപ്പിക്കേണ്ടി വരു എന്നതിനാലും വസ്തുതകൾ പരിഗണിച്ച് വിലയിരുത്തി തയ്യാറാക്കിയ ഈ റിപ്പോർട്ട് നിയമപരമായും സാമൂഹ്യപരമായും നിലനിൽക്കുന്നതാണെന്ന് വിലയിരുത്തി ഈ റിപ്പോർട്ട് അംഗീകരിക്കുന്നതിനായി ശുപാർശ ചെയ്യുന്നു.

<u>വിദഗ്ധ സമിതി അംഗങ്ങൾ</u>

1. ഡോ. ഷീന രാജൻ ഫിലിപ്പ്, സാമൂഹിക ശാസ്ത്രജ്ഞ.
2. മേരി ബെനഡിക്റ്റ്.കെ. ജെ,Technical Expert, RBDCK.

വിദഗ്ധ സമിതി ചെയർമാൻ &
സ്പെഷ്യൽ തഹസീൽദാർ (എൽ. എ)
കിഫ്ബി, എറണാകുളം.